**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-സ്പെഷ്യൽ സ്കൂളുകൾ-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്

സ.ഉ(എംഎസ്)38/2016/പൊ.വി.വ. തിരുവനന്തപുരം, തീയതി:09/02/2016

---

പരാമർശം:
1. സ.ഉ.(പി) 69/14/പൊ.വി.വ. തീയതി.28.04.2014
2. സ.ഉ.(പി)259/2014/പൊ.വി.വ. തീയതി.02.12.2014
3. സ.ഉ(എംഎസ്)നം.115/15/പൊ.വി.വ. തീയതി.15.05.2015.
4. സ.ഉ(എംഎസ്)നം.116/15/പൊ.വി.വ. തീയതി.18.05.2015.
5. സ.ഉ(എംഎസ്)നം.229/15/പൊ.വി.വ. തീയതി.25.08.2015.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.01.2016-ലെ എം.1/18553/2014/ഡി.പി.ഐ നമ്പർ കത്ത്.

**ഉത്തരവ്**

ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. മാനസികമായ വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച പരാമർശിത വിഷയങ്ങൾ തീരുമാനിക്കുകയും അവ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ കൺവീനറും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ, ഡോ.എം.കെ.ജയരാജ് (പ്രിൻസിപ്പാൾ, എസ്.ഐ.എം.സി) എന്നിവർ അംഗങ്ങളുമായുള്ള മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായി. പ്രസ്തുത കമ്മിറ്റി പരാമർശിത വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ആയതു പ്രകാരം ശുപാർശകൾ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത ശുപാർശകൾ വിശദമായി പരിശോധിച്ചു കൊണ്ട് മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പിന്നീട് മാനസിക വൈകല്യമുള്ള 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് പുറപ്പെടുവിച്ച സ.ഉ.(എം.എസ്)115/2015/പൊ.വി.വ. തീയതി.15.05.2015 ഉത്തരവിൽ ചില ഭേദഗതികൾ വരുത്തി പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. പരാമർശം (3), പരാമർശം (5) എന്നീ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതും, 100 കുട്ടികളിൽ കൂടുതൽ ഉള്ളതുമായ സംസ്ഥാനത്തെ 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് ശുപാർശ ചെയ്തുകൊണ്ട് പരാമർശം (6) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനസിക വെല്ലുവിളികൾ നേരിടുന്ന 100 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളിൽ നിലവിലുള്ള വ്യവസ്ഥകൾ പാലിക്കുന്നതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന അനുബന്ധമായി ചേർത്തിരിക്കുന്ന 33 സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്കൂൾ അധികൃതർ എയ്ഡഡ് പദവി നേടുന്നതിന് സമർപ്പിച്ച രേഖകളോ, പ്രമാണങ്ങളോ വ്യാജമായിട്ടോ, തെറ്റായോ സമർപ്പിച്ചിട്ടുള്ളതാണെന്ന് ഭാവിയിൽ തെളിയിക്കപ്പെട്ടാൽ ഇങ്ങനെ ലഭിച്ച എയ്ഡഡ് പദവി റദ്ദാക്കുന്നതും, നിയമപരമായ നടപടി സ്വീകരിക്കുന്നതുമാണ്.

5. മേൽ പ്രകാരം എയ്ഡഡ് പദവി നൽകപ്പെട്ട സ്പെഷ്യൽ സ്കൂളുകളിൽ നിലവിലെ സർക്കാർ മാനദണ്ഡ പ്രകാരം ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ആയതിനു വേണ്ട സ്പെഷ്യൽ റൂൾസിന്റെ കരട് സഹിതം സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**വി.എസ്.സെന്തിൽ.**
ഗവ.അഡീഷണൽ ചീഫ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പാൾ, എസ്.ഐ.എം.സി, പാങ്ങപ്പാറ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഹയർ സെക്കന്ററി ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, ഐ.ടി. @ സ്കൂൾ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ സ്കൂൾ പ്രിൻസിപ്പാൾ/മാനേജർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (എസ്.സി)വകുപ്പ് (03.02.2016-ലെ ഇനം നം. പ്രകാരം)
ധനകാര്യ വകുപ്പ് (25.01.16-ലെ 4780/എഡ്യൂ.എ1/16/ധന നമ്പർ കുറിപ്പ് പ്രകാരം)
സാമൂഹ്യ നീതി വകുപ്പ്
തൊഴിലും പുനരധിവാസവും വകുപ്പ്
വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | സ്പെഷ്യൽ സ്കൂളിന്റെ പേരും അഡ്രസ്സും | കുട്ടികളുടെ എണ്ണം | ജില്ല |
|---|---|---|---|
| 1 | സെന്റർ ഫോർ റിഹാബിലിറ്റേഷൻ ഓഫ് ദി ഡിസേബിൾഡ് എൽ.എം.എസ്., കോമ്പൗണ്ട്, പാളയം. | 109 | തിരുവനന്തപുരം |
| 2 | മരിയൻ പ്ളേ ഹോം, മണ്ണന്തല. | 115 | തിരുവനന്തപുരം |
| 3 | ഡി.സി.എം.ആർ., മുറിഞ്ഞപ്പാലം | 101 | തിരുവനന്തപുരം |
| 4 | ഷാലോം സ്പെഷ്യൽ സ്കൂൾ, വട്ടപ്പാറ. | 123 | തിരുവനന്തപുരം |
| 5 | സെന്റ് മാർത്താസ് സ്പെഷ്യൽ സ്കൂൾ, മേനംകുളം | 106 | തിരുവനന്തപുരം |
| 6 | റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട്, വഴുതക്കാട്. | 159 | തിരുവനന്തപുരം |
| 7 | ഗാന്ധി ഭവൻ സ്പെഷ്യൽ സ്കൂൾ, കുണ്ടയം പി.ഒ., പത്തനാപുരം, കൊല്ലം. | 114 | കൊല്ലം |
| 8 | മനോവികാസ് സ്പെഷ്യൽ സ്കൂൾ, ശാസ്താംകോട്ട, കൊല്ലം. | 125 | കൊല്ലം |
| 9 | എം.ജി.എം. ബഥനി ശാന്തി ഭവൻ സ്പെഷ്യൽ സ്കൂൾ, കടമൺകുളം, തിരുവല്ല. | 104 | പത്തനംതിട്ട |
| 10 | ദീപ്തി സ്പെഷ്യൽ സ്കൂൾ ആന്റ് റീഹാ ബിലിറ്റേഷൻ സെന്റർ, മണക്കാല, അടൂർ, പത്തനംതിട്ട. | 100 | പത്തനംതിട്ട |
| 11 | കെ.വി.എം. സ്കൂൾ മെന്റലി ചാലഞ്ച്ഡ്, ചേർത്തല, ആലപ്പുഴ. | 101 | ആലപ്പുഴ |
| 12 | സാൻജോസ് വിദ്യാലയ, ഏറ്റുമാനൂർ, കോട്ടയം | 105 | കോട്ടയം |
| 13 | ആശ നിലയം സ്പെഷ്യൽ സ്കൂൾ, പൊൻകുന്നം, കോട്ടയം. | 106 | കോട്ടയം |
| 14 | ശാന്തിനിലയം സ്കൂൾ ഫോർ മെന്റലി ചാലഞ്ച്ഡ്, അന്തിനാട്, കോട്ടയം. | 103 | കോട്ടയം |
| 15 | ആശാ ഭവൻ സ്പെഷ്യൽ സ്കൂൾ, നെടുങ്കണ്ടം, ഇടുക്കി | 102 | ഇടുക്കി |
| 16 | പ്രതീക്ഷാ ഭവൻ, തൊടുപുഴ, ഇടുക്കി. | 105 | ഇടുക്കി |
| 17 | കാർമൽ ജോതി, സെന്റർ ഫോർ മെന്റലി റിട്ടാർഡഡ് ചിൽഡ്രൻ, അടിമാലി, ഇടുക്കി. | 101 | ഇടുക്കി |
| 18 | ചാവറ സ്പെഷ്യൽ സ്കൂൾ, കൂനമാവ്, എറണാകുളം. | 110 | എറണാകുളം |
| 19 | നിർമ്മലാ സദൻ സ്കൂൾ ഫോർ എം.ആർ. ചിൽഡ്രൻ, മൂവാറ്റുപുഴ, എറണാകുളം. | 160 | എറണാകുളം |
| 20 | ആദർശ് ചാരിറ്റബിൾ ട്രസ്റ്റ്, കുരീക്കാട്, എറണാകുളം. | 138 | എറണാകുളം |
| 21 | സ്നേഹാ റാം സ്പെഷ്യൽ സ്കൂൾ, മണലൂർ, തൃശ്ശൂർ | 100 | തൃശ്ശൂർ |

| | | | |
|---|---|---|---|
| 22 | സെന്റ് ഡൊമനിക്ക് സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി റിട്ടാർഡഡ്, മണ്ണാർക്കാട്, പാലക്കാട്. | 106 | പാലക്കാട് |
| 23 | ചൈതന്യ ഡെവലപ്പ്മെന്റൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പെഷ്യൽ ചിൽഡ്രൻ, കള്ളിക്കാട്, പാലക്കാട്. | 112 | പാലക്കാട് |
| 24 | ഫെയ്ത്ത് ഇൻഡ്യ സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി ചാലഞ്ച്ഡ്,പാലക്കാട്. | 105 | പാലക്കാട് |
| 25 | എ.ഡബ്ല്യിയു.എച്ച്. സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി ഹാന്റികാപ്ഡ്, കൊടയ്ക്കാട്, മലപ്പുറം. | 102 | മലപ്പുറം |
| 26 | വി.കെ.എം. സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി ചാലഞ്ച്ഡ്, വളാഞ്ചേരി, മലപ്പുറം. | 171 | മലപ്പുറം |
| 27 | മദർ വെറോണിക്ക സ്പെഷ്യൽ സ്കൂൾ, ചുങ്കത്തറ, മലപ്പുറം. | 101 | മലപ്പുറം |
| 28 | എ.ഡബ്യൂയു.എച്ച്. സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി ഹാന്റികാപ്പ്ഡ്, കോട്ടയ്ക്കൽ, മലപ്പുറം. | 101 | മലപ്പുറം |
| 29 | സാൻജോ പ്രതീക്ഷാ ഭവൻ, മുക്കം, കോഴിക്കോട്. | 104 | കോഴിക്കോട് |
| 30 | ആശ കിരൺ സ്കൂൾ ഫോർ ദി ഡിഫറന്റ്ലി ഏബിൾഡ്, ദേവഗിരി, കോഴിക്കോട്. | 103 | കോഴിക്കോട് |
| 31 | എമ്മാവൂസ് വില്ല റെസിഡൻഷ്യൽ സ്കൂൾ ഫോർ മെന്റലി റിട്ടാർഡഡ്, മാനന്തവാടി, വയനാട്. | 107 | വയനാട് |
| 32 | നിർമ്മൽ ജോതി സ്കൂൾ ഫോർ മെന്റലി ചാലഞ്ച്ഡ്,സുൽത്താൻ ബത്തേരി, വയനാട്. | 102 | വയനാട് |
| 33 | വികാസ് ഭവൻ സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി ചാലഞ്ച്ഡ്, പായം, കണ്ണൂർ. | 102 | **കണ്ണൂർ.** |

Section Officer.